ബൈബിൾ ചിത്രകഥ

# സാക്ഷികൾ - 1

## തീനാവുകൾ

MAR LOUIS PUBLICATIONS



ബൈബിൾ ചിത്രകഥ - 46

# തീനാവുകൾ

"സാക്ഷികൾ" എന്ന പേരിൽ നാലു പുസ്തകങ്ങളടങ്ങുന്ന ഒരു പുതിയ പരമ്പര ആരംഭിക്കുകയാണ്. യേശുക്രിസ്തുവിന്റെ ജീവിതവും പ്രവർത്തനങ്ങളും പലസ്തീനായിൽ ഒതുങ്ങിനിന്നു. പുനരുത്ഥാനത്തിനുശേഷം നാഥൻ തന്റെ ശിഷ്യഗണത്തെ ലോകമെമ്പാടും തനിക്കു സാക്ഷ്യം വഹിക്കാനായി പറഞ്ഞയച്ചു. യേശുവിലൂടെ മനുഷ്യവർഗ്ഗത്തിനു കൈവന്ന രക്ഷയുടെ സദ്വാർത്ത ജറുസലെം മുതൽ അന്നു ലോകത്തിന്റെ തലസ്ഥാനമായി കരുതപ്പെട്ടിരുന്ന റോമാവരെ ശിഷ്യന്മാർ അറിയിച്ചതിന്റെ ചരിത്രമാണ് ഈ നാലു പുസ്തകങ്ങളിലൂടെ ചിത്രീകരിക്കുന്നത്. "അപ്പസ്തോല പ്രവർത്തനങ്ങൾ" എന്നറിയപ്പെടുന്ന ബൈബിൾ ഗ്രന്ഥത്തെ ആസ്പദമാക്കിയാണ് ഇവ രചിച്ചിട്ടുള്ളത്.

പരിശുദ്ധാത്മാവിന്റെ ആഗമനം മുതൽ ഡീക്കന്മാരുടെ തിരഞ്ഞെടുപ്പുവരെയുള്ള സംഭവങ്ങൾ (അപ്പ 1-6) "തീനാവുകൾ" എന്ന ഈ പുസ്തകത്തിൽ ചിത്രീകരിച്ചിരിക്കുന്നു. ശക്തിയോടെ പ്രസംഗിക്കാനുള്ള ദൗത്യം സൂചിപ്പിക്കുന്നതാണ് തീനാവുകൾ, അഥവാ അഗ്നിനാളങ്ങൾ. പന്തക്കുസ്താദിവസം തീനാവുകളുടെ രൂപത്തിൽ പരിശുദ്ധാത്മാവ് ശിഷ്യസമൂഹത്തിന്മേൽ ആവസിച്ചതോടെ ക്രിസ്തുവിന്റെ സഭ പരസ്യമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. അമ്പതാംദിവസം എന്നർത്ഥമുള്ള യഹൂദർ ആചരിക്കുന്ന വിളവെടുപ്പു തിരുനാളായിരുന്നു പന്തക്കുസ്താ. പെസഹാ ആഘോഷിക്കാനായി ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ജറുസെലമിൽ സമ്മേളിച്ചിരുന്ന യഹൂദരിൽ പലരും പന്തക്കുസ്തായ്ക്കുശേഷമാണ് മടങ്ങിപ്പോയിരുന്നത്.

പരിശുദ്ധാത്മാവിന്റെ ആഗമനത്തോടെ അതുവരെ ഭീരുക്കളായി കഴിഞ്ഞിരുന്ന ശിഷ്യന്മാർ ധൈര്യമുള്ളവരായി. ആത്മാവിന്റെ പ്രചോദനമനുസരിച്ച് അവർ യേശുവിനെക്കുറിച്ചു പ്രസംഗിച്ചു. അത്ഭുതകരമായ രോഗശാന്തികൾ അവരുടെ പ്രസംഗത്തിന്റെ സത്യാവസ്ഥ സ്ഥിരീകരിച്ചു. കേൾവിക്കാരുടെ ഹൃദയപരിവർത്തനത്തിനു പരിശുദ്ധാത്മാവു കളമൊരുക്കി. വിവിധ ഭാഷകൾ സംസാരിച്ചിരുന്നവർക്കെല്ലാം അപ്പസ്തോലന്മാരുടെ പ്രസംഗം താന്താങ്ങളുടെ ഭാഷയിൽ ശ്രവിക്കാൻ കഴിഞ്ഞു. അതും പരിശുദ്ധാത്മാവിന്റെ പ്രത്യേക വരമായിരുന്നു. അങ്ങനെ ബാബേൽ ഗോപുരത്തിന്റെ

Published by : Mar Louis Art & Book Centre
Broadway, Ernakulam
Kochi - 682 031, Ph: 0484-2352110
Website : www.marlouiskochi.com
E-mail : mlbookcentre@gmail.com
mlpekam@gmail.com

നിർമ്മാണം മുതൽ ചിതറി പരസ്പരം അകന്നുപോയ മനുഷ്യസമൂഹത്തെ ദൈവത്തിന്റെ ആത്മാവ് അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളിലൂടെ ഒരുമിച്ചുകൂട്ടാൻ തുടങ്ങി.

ഇപ്രകാരം ഒരുമിച്ചു കൂട്ടപ്പെട്ടവരുടെ സമൂഹമാണ് സഭ. അവരെല്ലാം അപ്പസ്തോലന്മാരുടെ സാക്ഷ്യം സ്വീകരിച്ച് യേശു ക്രിസ്തുവിൽ വിശ്വസിക്കുകയും തങ്ങളുടെ പാപങ്ങൾ ഏറ്റുപറഞ്ഞ് മാമ്മോദീസാ സ്വീകരിക്കുകയും ചെയ്തു. ഒരുമിച്ചുള്ള പ്രാർത്ഥനയും അന്ത്യഅത്താഴത്തിന്റെ ഓർമ്മയാചരിക്കുന്ന അപ്പം മുറിക്കലും ഭൗതികവസ്തുക്കളുടെ പങ്കുവയ്ക്കലും, സർവ്വോപരി ഗാഢമായ സ്നേഹവും ഹൃദയൈക്യവും സഭാസമൂഹത്തിന്റെ മുഖമുദ്രകളായിരുന്നു.

അനേകായിരങ്ങൾ മാനസാന്തരപ്പെട്ട് യേശുക്രിസ്തുവിനെ തങ്ങളുടെ നാഥനും ഏകരക്ഷകനുമായി സ്വീകരിച്ചു. എന്നാൽ യഹൂദനേതാക്കളിൽ അധികപങ്കും സഭാശിശുവിനെ നശിപ്പിക്കാനാണു ശ്രമിച്ചത്. അപ്പസ്തോലന്മാർക്കു മുടക്കു കല്പിക്കുകയും അവരെ പീഡിപ്പിക്കുകയും ചെയ്തെങ്കിലും സഭ അതിവേഗം വളർന്നു ശക്തി പ്രാപിച്ചു. പീഡനങ്ങളുടെയും പ്രയാസങ്ങളുടെയും മധ്യത്തിൽ സഭാസമൂഹം പ്രാർത്ഥനയിൽ അഭയം തേടി. പരിശുദ്ധാത്മാവ് അവർക്കു ശക്തിയും ധൈര്യവും പ്രദാനം ചെയ്തു.

ആദിമസഭയുടെ ആദർശപരമായ ഈ ചിത്രം ക്രിസ്തുവിന്റെ സഭയ്ക്ക് എന്നും മാതൃകയും പ്രചോദനവും നല്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിനു വഴങ്ങിയായിരിക്കണം നമ്മുടെ എല്ലാ പ്രവൃത്തികളും നാം ചെയ്യുന്നത്. പ്രാർത്ഥനയ്ക്കും ഭൗതികവസ്തുക്കളുടെ പങ്കുവയ്ക്കലിനും നമ്മുടെ ജീവിതത്തിൽ വലിയ പ്രാധാന്യമുണ്ടായിരിക്കണം. അപ്പസ്തോലന്മാരെപ്പോലെ യേശുക്രിസ്തുവിനു സാക്ഷ്യം വഹിക്കാനായി വിളിക്കപ്പെട്ടവരാണ് ഓരോ ക്രിസ്തു വിശ്വാസിയും. നാം അനുഭവിച്ചറിഞ്ഞ യേശുവിനെക്കുറിച്ചു നാം മറ്റുള്ളവരോടു പറയണം. നമ്മുടെ ജീവിതവും പ്രവൃത്തിയും മറ്റുള്ളവരെ യേശുവിലേക്ക് ആകർഷിക്കുന്നതാവണം.

## ചോദ്യങ്ങൾ

1. പന്തക്കുസ്താ എന്ന പേരിന്റെ അർത്ഥമെന്ത്?
2. ഈ ചിത്രകഥയ്ക്കു "തീനാവുകൾ" എന്നു പേരിടാൻ കാരണമെന്ത്?
3. ശിഷ്യസമൂഹം അപ്പസ്തോലനെ തിരഞ്ഞെടുത്തു. എന്തുകൊണ്ട്?
4. അപ്പസ്തോലന്മാർക്കു ധൈര്യവും ശക്തിയും ലഭിച്ചതെങ്ങിനെ?
5. ബാബേലിൽ തുടങ്ങിയ ശിഥിലീകരണം പന്തക്കുസ്തായിൽ അവസാനിക്കുന്നു. വിശദീകരിക്കുക.
6. ആദിമക്രൈസ്തവസമൂഹത്തിന്റെ മുഖമുദ്രയായി എടുത്തു കാട്ടാവുന്ന നാലു കാര്യങ്ങൾ ഏവ?
7. പത്രോസിന്റെ ആദ്യത്തെ പ്രസംഗം സ്വന്തം വാക്കുകളിൽ അവതരിപ്പിക്കുക.
8. അപ്പസ്തോലന്മാർ പ്രവർത്തിച്ച ആദ്യത്തെ അത്ഭുതം എന്ത്? എന്തായിരുന്നു അതിന്റെ പ്രതികരണം?
9. സഭാസമൂഹത്തിലേക്കു മറ്റുള്ളവരെ ആകർഷിച്ചതെന്ത്?
10. ഡീക്കന്മാരെ തിരഞ്ഞെടുക്കാനുണ്ടായ സാഹചര്യം വിവരിക്കുക.

## ബൈബിൾ ചിത്രകഥ-46

# സാക്ഷികൾ -1

# തീനാവുകൾ

രചന : മൈക്കിൾ കാരിമറ്റം
ചിത്രീകരണം : ദേവസി * ബെന്നി

**യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം ഒലിവുമലയിൽ നിന്നുമടങ്ങിയ ശിഷ്യന്മാർ മാളികമുറിയിൽ സമ്മേളിച്ചു. പരിശുദ്ധാത്മാവിന്റെ ആഗമനത്തിനായി പ്രാർത്ഥനയോടെ കാത്തിരുന്നു. അന്നൊരു ദിവസം ഏകദേശം 120 പേർ ഒരുമിച്ചുകൂടിയിരിക്കുമ്പോൾ പത്രോസ്**






അവന്റെ സ്ഥാനത്തേക്ക് മറ്റൊരാളെ തിരഞ്ഞെടുക്കണം. ജോർദ്ദാനിലെ സ്നാനം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള കാലഘട്ടം മുഴുവൻ യേശുവിനോടൊപ്പം ഉണ്ടായിരുന്ന ഒരാളായിരിക്കണം അത്. ആരെയാണ് നിങ്ങൾ നിർദ്ദേശിക്കുക?
നമുക്കു ബാർസബാസിനെ നിയോഗിക്കാം.
മത്തിയാസിനെയാണ് ഞാൻ നിർദ്ദേശിക്കുന്നത്.
കർത്താവേ, ഹൃദയങ്ങളെ അറിയുന്നവനേ, ഈ രണ്ടുപേരിൽ ആരെയാണ് അപ്പസ്തോലിക ശുശ്രൂഷയ്ക്കായി അങ്ങു സ്വീകരിക്കുന്നതെന്നു കാണിച്ചുതരണമേ.
മത്തിയാസിന് കുറി വീണു.


പന്തക്കുസ്താദിനം സമാഗതമായപ്പോൾ കൊടുങ്കാറ്റടിക്കുന്നതുപോലെ ഒരു ശബ്ദം പെട്ടെന്ന് ആകാശത്തുനിന്നുണ്ടായി.
ഇതൊരു ചുഴലിക്കാറ്റാ. ആ വീടിനുചുറ്റും ചീറിയടിക്കുകയാണല്ലോ.
ആ ഗലീലിയന്റെ കൂട്ടുകാരെല്ലാം അതിനകത്തുണ്ട്.
എന്താ സംഭവിക്കുന്നത്? പോയി നോക്കാം.


അവരെല്ലാം പരിശുദ്ധാത്മാവിനാൽ നിറഞ്ഞു.


ലോകത്തിന്റെ പലഭാഗത്തുനിന്നുവന്ന യഹൂദർ വീടിനുമുമ്പിൽ സമ്മേളിച്ചു. അപ്പസ്തോലന്മാർ സംസാരിക്കുന്നത് താന്താങ്ങളുടെ ഭാഷയിൽ അവർക്കു മനസ്സിലായി.
ഹല്ലേലുയ്യാ...
കർത്താവേ സ്തോത്രം.
മാറാനാത്താ.
?!!!
അവർ സംസാരിക്കുന്നതു ഗ്രീക്കാണ്. പുതുവീഞ്ഞു കുടിച്ചു ലക്കില്ലാതെ പുലമ്പുന്നതാ.
ഇതെന്തൊരത്ഭുതം! ഈ ഗലീലിക്കാർ എങ്ങനെ പേർഷ്യൻ ഭാഷ സംസാരിക്കുന്നു.


അതാ, ഗലീലേയന്റെ പ്രധാന ശിഷ്യൻ പത്രോസ്.
യഹൂദജനങ്ങളേ, ജറുസലെം നിവാസികളേ, ശ്രവിക്കുവിൻ. ഞങ്ങളാരും വീഞ്ഞുകുടിച്ചു ലഹരിപിടിച്ചവരല്ല. നേരം വെളുത്തിട്ട് മൂന്നുമണിക്കൂറല്ലേ ആയൊള്ളൂ.
!!!


ജോയേൽ പ്രവാചകനിലൂടെ ദൈവം അരുളിച്ചെയ്തതു നിറവേറുകയാണ്. അവിടുന്ന് തന്റെ ദാസന്മാരുടെമേൽ ആത്മാവിനെ വർഷിക്കുന്നു.
നസ്രായനായ യേശുവിനെ നിങ്ങൾക്കറിയാമല്ലോ. അവൻ പ്രവർത്തിച്ച അത്ഭുതങ്ങൾക്ക് നിങ്ങളിൽ പലരും സാക്ഷികളല്ലേ?
നിങ്ങൾ അവനെ കുരിശിൽ തറച്ചു കൊന്നു. എന്നാൽ, ദൈവം അവനെ മരണത്തിൽ നിന്നുയിർപ്പിച്ചു. ഞങ്ങൾ അതിനു സാക്ഷികളാണ്.
ദൈവത്തിൽനിന്നു സർവ്വ അധികാരവും സ്വീകരിച്ച അവൻ പരിശുദ്ധാത്മാവിനെ വർഷിച്ചിരിക്കുന്നു. ആത്മാവിന്റെ പ്രവർത്തനമാണ് നിങ്ങളിപ്പോൾ കാണുന്നതും കേൾക്കുന്നതും.


നിങ്ങൾ കുരിശിൽ തറച്ചുകൊന്ന യേശുവിനെ ദൈവം കർത്താവും ക്രിസ്തുവുമായി ഉയർത്തി എന്ന് ഇസ്രായേൽ ജനം മുഴുവൻ അറിയട്ടെ.
സഹോദരങ്ങളേ, ഞങ്ങൾ വലിയ തെറ്റു ചെയ്തുപോയി.
ഞങ്ങൾ ഇനി എന്താണ് ചെയ്യേണ്ടത്?
പശ്ചാത്തപിക്കുവിൻ. കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം സ്വീകരിക്കുവിൻ. പരിശുദ്ധാത്മാവിനെ നിങ്ങൾക്കും ദാനമായി ലഭിക്കും.
!!!
നിങ്ങൾക്കും സകല ജനതകൾക്കും ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നതാണ് ഈ ദാനം.


ഏകദേശം മൂവായിരംപേർ അന്നുതന്നെ മാനസാന്തരപ്പെട്ടു സ്നാനം സ്വീകരിച്ചു. അവർ എല്ലാം ഒരു കുടുംബം പോലെയായി.
അപ്പോഴാണ് യഥാർത്ഥത്തിൽ സമാധാനം എന്താണെന്നറിയുന്നത്.
ഇതുപോലൊരു സന്തോഷം സ്വപ്നം കാണാൻപോലും സാധിച്ചിട്ടില്ല.
“സഹോദരങ്ങൾ ഒരുമിച്ചു വസിക്കുന്നത് എത്ര മനോഹരം” എന്ന സങ്കീർത്തനത്തിന്റെ അർത്ഥം ഇതാണെന്ന് നമുക്ക് ഇത്രയും നാൾ മനസ്സിലാക്കാൻ സാധിച്ചില്ലല്ലോ!
സ്വത്തു പങ്കുവയ്ക്കാൻ തയ്യാറായപ്പോൾ ഹൃദയത്തിനെന്തു സ്വസ്ഥത!
ഒരുമിച്ചുള്ള പ്രാർത്ഥന ഇത്ര സന്തോഷപ്രദമാണെന്ന് ആരറിഞ്ഞു!
പ്രാർത്ഥിക്കാൻ ഒരുമിച്ചു കൂടുമ്പോൾ കർത്താവു നടുവിൽ വന്നു നില്ക്കുന്നതുപോലെ.
അതുതന്നെയല്ലേ നാഥൻ വാഗ്ദാനം ചെയ്തിരുന്നത്.


അന്നൊരുദിവസം പത്രോസും യോഹന്നാനും പ്രാർത്ഥിക്കാ
നായി ദേവാലയത്തിലേക്കു പോയി.
ധർമ്മം തരണേ...
രണ്ടുകാലിൽ നടക്കുന്നവരേ, രണ്ടു കാലും തളർന്നുപോയ എന്നോടു കരുണതോന്നണേ, ധർമ്മം തരണേ....
ഞങ്ങളുടെ നേരെ നോക്കൂ.
ഇവർ എന്തെ ങ്കിലും തരാതി രിക്കില്ല.
'സ്വർണ്ണമോ, വെള്ളിയോ ഞങ്ങ ളുടെ പക്കലില്ല. ഞങ്ങൾക്കുള്ളതു നിനക്കു താരം.'
കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തിൽ എഴുന്നേറ്റു നടക്കുക.
?!!


തൽക്ഷണം അയാൾ സുഖം പ്രാപിച്ചു.
ഹല്ലേലുയ്യാ. മുടന്തരെ നടത്തുന്ന കർത്താവേ, സ്തോത്രം. സ്തോത്രം.
ഇതെന്തൊരത്ഭുതം! ജന്മനാ മുടന്തനായവനെ സുഖപ്പെടുത്താൻ ഇവർക്കെങ്ങനെ സാധിച്ചു?
നിങ്ങളെന്തിനു ഞങ്ങളെ തുറിച്ചു നോക്കുന്നു? ഈ അത്ഭുതം പ്രവർത്തിച്ചത് ഞങ്ങളുടെ ശക്തിയല്ല.
കർത്താവായ യേശുവിന്റെ നാമത്തിലുള്ള വിശ്വാസമാണ് ഇവനു നടക്കാൻ കഴിവു നല്കിയത്.
നിങ്ങൾ അവനെ വിജാതീയർക്ക് ഏല്പിച്ചുകൊടുത്തു. പീലാത്തോസ് അവനെ വിട്ടയ്ക്കാൻ ശ്രമിച്ചിട്ടും നിങ്ങൾ സമ്മതിച്ചില്ല.


ജീവന്റെ നാഥനെ നിങ്ങൾ വധിച്ചു. എന്നാൽ ദൈവം അവനെ ഉയിർപ്പിച്ചു. അവന്റെ നാമമാണ് ഇപ്പോൾ ഈ അത്ഭുതം പ്രവർത്തിച്ചത്.
നിങ്ങളുടെ നേതാക്കന്മാരെപ്പോലെ നിങ്ങളും അജ്ഞതമൂലമാണ് അവനെ ക്രൂശിച്ചത്. അതുവഴി പ്രവചനങ്ങൾ പൂർത്തിയാവുകയായിരുന്നു.
മോശയെപ്പോലെ 'ഒരു പ്രവാചകനെ അയയ്ക്കും' എന്ന് ദൈവം അരുളി ചെയ്തത് യേശുവിനെക്കുറിച്ചാണ്.
അബ്രാഹത്തിന്റെ മക്കളും ഉടമ്പടിയുടെ അവകാശികളുമല്ലേ നിങ്ങൾ? നിങ്ങളുടെ അടുക്കലേക്കാണ് ദൈവം തന്റെ പുത്രനെ അയച്ചത്.


ദേവാലയത്തിലെ കാവൽസേന പത്രോസിനേയും യോഹന്നാനേയും ബന്ധിച്ചു.
?!!!!
ദേവാലയത്തിൽ ധിക്കാരം പറയുന്നോ? സേവകർ, ഇവരെ തടവിലാക്കൂ!
നാളെ രാവിലെ പരിശുദ്ധ സാൻഹെദ്രിൻസംഘം നിങ്ങളെ വിചാരണ ചെയ്യുന്നതായിരിക്കും.
കർത്താവായ യേശുവേ, അങ്ങേയ്ക്കു സ്തോത്രം.


പിറ്റേന്ന് രാവിലെ സാൻഹെദ്രിൻ സമ്മേളിച്ചു. തടവിലാക്കപ്പെട്ട അപ്പസ്തോലന്മാരെ ഹാജരാക്കാൻ കല്പിച്ചു.
എന്തധികാരത്താലാണ് നിങ്ങൾ ഇവിടെ പ്രവർത്തിക്കുന്നത്? ആരാണ് നിങ്ങൾക്ക് അധികാരം തന്നത്?
ഭരണാധിപരേ, ജനപ്രമാണികളേ, ഒരു രോഗിക്കു സൗഖ്യം നല്കിയതിനാണല്ലോ നിങ്ങൾ ഞങ്ങളെ വിചാരണ ചെയ്യുന്നത്.
നിങ്ങൾ കുരിശിൽ തറച്ചുകൊല്ലുകയും ദൈവം ഉയിർപ്പിക്കുകയും ചെയ്ത യേശുക്രിസ്തുവിന്റെ നാമത്തിലാണ് ഇയാൾ സുഖം പ്രാപിച്ചത്.
?
!
വീടുപണിക്കാരായ നിങ്ങൾ ഉപേക്ഷിച്ചുകളഞ്ഞ കല്ല് മൂലക്കല്ലായിത്തീർന്നിരിക്കുന്നു. ആ കല്ലാണ് യേശു.


മേലിൽ യേശുവിന്റെ നാമത്തിൽ പ്രസംഗിക്കുകയോ പഠിപ്പിക്കുകയോ ചെയ്തുകൂടാ.
?!!
ദൈവത്തെക്കാളുപരി നിങ്ങളെ അനുസരിക്കുന്നതു ന്യായമാണോ? നിങ്ങൾ തന്നെ പറയുവിൻ.
ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ചു സംസാരിക്കാതിരിക്കുക ഞങ്ങൾക്കു സാധ്യമല്ല.
!?
ദൈവദൂഷണത്തിന്റെയും രാജദ്രോഹത്തിന്റെയും പേരിൽ വധിക്കപ്പെട്ടവനാണ് യേശു. അവനെ അനുഗമിക്കുന്നതും, അനുഗമിക്കാൻ പ്രേരിപ്പിക്കുന്നതും മരണാർഹമായ കുറ്റമാണ്.
നിങ്ങൾ കുറ്റം വിധിച്ചവനെ ദൈവം ഉയിർപ്പിച്ചു. ഞങ്ങൾ ആരെ വിശ്വസിക്കണം. ആരെ അനുസരിക്കണം?
നീ ഞങ്ങളെ പഠിപ്പിക്കാൻ വരുന്നോ? യേശുവിന്റെ പേരിൽ ഇനിയും പ്രസംഗിച്ചാൽ നിങ്ങളുടെ അന്ത്യമായിരിക്കും.
അതിൽ ഞങ്ങൾക്കു സന്തോഷമേയുള്ളൂ.



അവർ അപ്പസ്തോലന്മാരെ വീണ്ടും താക്കീതുചെയ്ത് വിട്ടയച്ചു. മോചിതരായ അപ്പസ്തോലന്മാർ മാളികമുറിയിൽ തിരിച്ചെത്തി.
സഹോദരങ്ങളേ, കർത്താവിനെ വിധിച്ചവർ ഇപ്പോൾ നമുക്കെതിരേ തിരിഞ്ഞിരിക്കുകയാണ്.
കർത്താവായ യേശുവിന്റെ നാമം ഉച്ചരിക്കുന്നതുതന്നെ വലിയ കുറ്റമായി അവർ പ്രഖ്യാപിച്ചിരിക്കുന്നു.
മക്കളേ, ഭയപ്പെടേണ്ടാ. നമുക്കു പ്രാർത്ഥിക്കാം.
പ്രപഞ്ചത്തിന്റെ നാഥനായ ദൈവമേ, അവിടുത്തെ തിരുക്കുമാരനായ യേശുവിനും അവന്റെ ശിഷ്യന്മാരായ ഞങ്ങൾക്കും എതിരേ നേതാക്കന്മാർ ഉയർത്തുന്ന ഭീഷണി ശ്രദ്ധിക്കണമേ.
യേശുവിന്റെ നാമത്തിൽ അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിക്കാൻ ഞങ്ങൾക്കു ശക്തി നല്കണമേ.
അവിടുത്തെ വചനം പൂർണ്ണധൈര്യത്തോടെ പ്രസംഗിക്കാൻ ഈ ദാസരെ അനുഗ്രഹിക്കണമേ.

പ്രാർത്ഥന കഴിഞ്ഞപ്പോൾ അവർ സമ്മേളിച്ചിരുന്ന സ്ഥലം കുലുങ്ങി. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ പൂരിതരായി.




അപ്പസ്തോലന്മാർ കൂടുതൽ ധൈര്യത്തോടെ സുവിശേഷം പ്രസംഗിച്ചു. അവർ വഴി അനേകം അത്ഭുതങ്ങൾ നടന്നു.





യേശുവിൽ വിശ്വസിക്കുന്നവരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവന്നു. ജറുസലെമിലെ യഹൂദർ തമ്മിൽ സംഭാഷണം.
ജോസഫ്, നീ വീടും പുരയിടവും എല്ലാം വിറ്റെന്നു കേട്ടല്ലോ. എന്താ ജറുസലെം വിട്ട് സൈപ്രസിലേക്കു തന്നെ മടങ്ങുകയാണോ?
അല്ല അനനിയാസ്, മടങ്ങിപ്പോകണമെന്ന് എനിക്കാഗ്രഹമില്ല.
പിന്നെന്തിനാ എല്ലാം വിറ്റു പണമാക്കിയത്? വല്ല കച്ചവടവും തുടങ്ങാൻ പ്ലാനുണ്ടോ?
ഒരു വിധത്തിൽ പറഞ്ഞാൽ ഇതൊരു കച്ചവടമാണ്. പറമ്പ് വിറ്റ് ദൈവരാജ്യം വാങ്ങുക.
!
അതെന്താ?
ഞാൻ ഏറെ സ്വത്ത് സമ്പാദിച്ചു. സൈപ്രസിലും ഈ ജറുസലെമിലും. ഗലീലിയിൽ കുറച്ചു തോട്ടവുമുണ്ട്.
പക്ഷേ ശാന്തിയും സമാധാനവും എന്തെന്ന് ഞാൻ അറിഞ്ഞിരുന്നില്ല. എന്നാൽ യേശുക്രിസ്തുവിനെ കണ്ടുമുട്ടിയതോടെ അതെനിക്കു കിട്ടി.


രണ്ടുമാസം മുമ്പ് കുരിശിൽ തറച്ചു കൊന്ന ആ നസ്രായനെ നീ കണ്ടു മുട്ടിയെന്നോ?
!
അതെ, അവൻ മരിച്ചിട്ടും ജീവിക്കുന്നു. പത്രോസിന്റെ പ്രസംഗം വഴിയാണ് പുനരുത്ഥാനത്തെക്കുറിച്ച് ആദ്യം കേട്ടത്.
യേശുവിന്റെ ശിഷ്യന്മാർ പ്രവർത്തിക്കുന്ന അത്ഭുതം കണ്ടപ്പോൾ അവരുമായി അടുത്തു സംസാരിക്കാൻ ആഗ്രഹിച്ചു.
അവർ മറ്റാരെയും അടുപ്പിക്കുന്നില്ല എന്നാണല്ലോ കേൾക്കുന്നത്. എന്തോ ഒരു രഹസ്യസംഘടനയല്ലേ അത്?
ഒരു രഹസ്യവുമില്ല. ഈ ജറുസലെമിലും പരിസരത്തുമായി ഒരു പതിനായിരം പേരെങ്കിലും ഇപ്പോൾ കുടെയുണ്ട്.
എന്നാലും നീ എന്തിനാ പറമ്പു വിറ്റത്?
എന്തിനാണെനിക്കു സ്വന്തമായി ഒരു പറമ്പ്? മറ്റുള്ളവരെക്കൊണ്ട് പണിയെടുപ്പിച്ച് ഞാൻ സമ്പാദിച്ചു.
നീ ന്യായമായ കൂലി കൊടുത്തില്ലേ?



എന്താണു കൂലി?എന്റെ പണിക്കാർ കഷ്ടിച്ചു വയറുനിറയെ ആഹാരം കഴിച്ചപ്പോൾ ഞാൻ സുഖലോലുപതയിൽ മുഴുകി വിരുന്നാഘോഷിച്ചു.
പണമുണ്ടെങ്കിൽ അതിലെന്താ തെറ്റ്?
യേശുവിനെ കണ്ടെത്തിയപ്പോൾ എനിക്കിനി സ്വത്തു വേണ്ടാ എന്നു മനസ്സിലായി. പണത്തിനു തരാൻ കഴിയാത്ത സന്തോഷം യേശു എനിക്കു തന്നു.
നീ പണം എന്തു ചെയ്തു?
അപ്പസ്തോലന്മാരെ ഏല്പിച്ചു. എത്രയോ പേരാണ് ഇങ്ങനെ തങ്ങളുടെ സ്വത്തു മുഴുവൻ ഏല്പിക്കുന്നത്?
അപ്പോൾ അവർ വലിയ ധനികരായിരിക്കുമല്ലോ.
അല്ല. അവർ അതു പങ്കുവയ്ക്കുന്നു. എല്ലാവരും സമൃദ്ധമായി ഭക്ഷിക്കുന്നു. സന്തോഷമായി ജീവിക്കുന്നു. ആർക്കും ഒരു മുട്ടുപാടുമില്ല.
പണം കൊടുക്കാത്തവരെയും അവർ കൂട്ടത്തിൽ സ്വീകരിക്കുമോ?


ആ കൂട്ടായ്മയിൽ ധനികനും ദരിദ്രനും എന്ന വ്യത്യാസമില്ല. എല്ലാം പൊതുമുതൽ. എല്ലാ വർക്കും ആവശ്യത്തിനു കിട്ടുന്നു.
ഈ മുതലങ്ങു തീരുമ്പോഴോ?
നാളെയെക്കുറിച്ചു വ്യഗ്രതപ്പെടേണ്ടാ. ദൈവപരിപാലനയിൽ വിശ്വസിക്കണം.
നിങ്ങളുടെ കൂട്ടായ്മയിൽ എനിക്കും പങ്കുചേരണം എന്നുണ്ട്.
ഇന്നു വൈകുന്നേരം മാർക്കോസിന്റെ വീട്ടിൽ ഒരു പ്രാർത്ഥനാസമ്മേളന മുണ്ട്. സഫീറായെയും കൂട്ടി വരൂ.
തീർച്ചയായും. അവൾ പലതവണ യായി ഈ പുതിയ കൂട്ടായ്മയെക്കുറിച്ചു പറയുന്നു.


മാർക്കോസിന്റെ വീട്ടിൽ
സഹോദരങ്ങളേ, ഞാൻ ഒരു മീൻ പിടുത്തക്കാരനായിരുന്നു. ചിലപ്പോൾ തോണി നിറയെ മീൻ കിട്ടും. രണ്ടു ദിവസംകൊണ്ട് ഞാൻ അതു തിന്നും കുടിച്ചും സുഖിച്ചു തീർക്കും.
ചിലപ്പോൾ ഒന്നും കിട്ടില്ല. അന്നു കടം വാങ്ങും. കിട്ടിയില്ലെങ്കിൽ പട്ടിണികിടക്കും. റോമാക്കാരെയും ചുങ്കക്കാരെയും ഞാൻ വെറുത്തു.
എന്നാൽ യേശുക്രിസ്തു എന്നെ വിളിച്ചതോടെ ജീവിതത്തിൽ മാറ്റം വന്നു. എന്റെ സർവ്വസ്വത്തും കൊടുത്താലും കിട്ടാത്ത ദൈവരാജ്യത്തിന്റെ രഹസ്യം എനിക്ക് അവൻ വെളിപ്പെടുത്തിത്തന്നു.


തുടർന്ന് യേശുവിനെക്കുറിച്ച്
പത്രോസ് ദീർഘമായി സംസാ
രിച്ചു.
സഹോദരങ്ങളേ, എന്റെ
കർത്താവിനെ അറിയുകയില്ല
എന്ന് മൂന്നുതവണ തള്ളി പറ
ഞ്ഞവനാണ് ഞാൻ. എന്നിട്ടും
കർത്താവ് എന്നോട് ക്ഷമിച്ചു.
മരണത്തിൽനിന്ന്
ഉയിർപ്പിക്കപ്പെട്ട
അവൻ ഇപ്പോൾ
ഇവിടെ നമ്മുടെ
മധ്യത്തിലുണ്ട്.
കർത്താവായ
യേശുക്രിസ്തു
വിന് സ്തോത്രം.
നമ്മൾ ഇനി അന്ത്യഅത്താഴത്തിന്റെ
ഓർമ്മ ആചരിക്കാൻ പോകയാണ്. മാന
സാന്തരപ്പെട്ട് മാമ്മോദീസാ സ്വീകരി
ക്കാത്ത ആരെങ്കിലും ഈ കൂട്ടത്തിലു
ണ്ടെങ്കിൽ അവർക്കു പോകാം.
എനിക്കും ഭാര്യയ്ക്കും
ഈ കൂട്ടായ്മയിൽ
ചേരണമെന്നാ
ഗ്രഹമുണ്ട്.


യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്കു സ്വാഗതം. നാളെ നിങ്ങൾക്കു മാമ്മോദീസാ സ്വീകരിക്കാം. അതിനുശേഷം കർത്താവിന്റെ ദിവസത്തിലെ അപ്പം മുറിക്കലിൽ പങ്കുചേരാം.
എന്താണു കർത്താവിന്റെ ദിവസം?
കർത്താവ് ഉത്ഥാനം ചെയ്തതിന്റെ ഓർമ്മയാചരിക്കുന്ന ദിവസമാണത്. ആഴ്ചയുടെ ഒന്നാംദിവസം. ബാക്കികാര്യങ്ങൾ മാർക്കോസിന്റെ അമ്മ നിങ്ങൾക്കു പറഞ്ഞുതരും.
മാമ്മോദീസാ സ്വീകരിക്കാത്തവർ പോയിക്കഴിഞ്ഞപ്പോൾ
സഹോദരങ്ങളേ, പരിപാവനമായ നിമിഷമാണിത്. നമ്മുടെ കർത്താവ് ഒറ്റിക്കൊടുക്കപ്പെട്ടതിന്റെ തലേരാത്രിയിൽ നടത്തിയ അന്ത്യഅത്താഴത്തിന്റെ ഓർമ്മ നമ്മൾ ആചരിക്കയാണിപ്പോൾ.


നമ്മോടുള്ള അനന്തമായ
സ്നേഹം പ്രകടമാക്കാൻ അവി
ടുന്ന് അപ്പമെടുത്ത് വാഴ്ത്തി
മുറിച്ചുകൊണ്ട് പറഞ്ഞു:
"നിങ്ങൾക്കായി വിഭജിക്കപ്പെ
ടുന്ന എന്റെ ശരീരമാണിത്.
വാങ്ങി ഭക്ഷിക്കുവിൻ."
അത്താഴത്തിനുശേഷം കർത്താവ്
പാനപാത്രമെടുത്ത് വാഴ്ത്തിക്കൊണ്ടു
പറഞ്ഞു: "ഇത് എന്റെ രക്തത്തി
ലുള്ള പുതിയ ഉടമ്പടിയാണ്. വാങ്ങി
പാനം ചെയ്യുവിൻ."
കർത്താവു മഹത്വത്തോടെ
മടങ്ങിവരുന്നതുവരെ നമ്മൾ
അവന്റെ മരണത്തിന്റെ ഓർമ്മ
ആചരിക്കുകയാണ്.
കർത്താവിന്റെ ശരീരത്തിൽ
പങ്കുചേരുന്ന നമ്മൾ ഒറ്റ
ശരീരമായിത്തീരുന്നു.
കർത്താവു നമ്മെ സ്നേഹിച്ച
തുപോലെ നാമും പരസ്പരം
സ്നേഹിക്കണം.


മാമ്മോദീസാ സ്വീകരിച്ച് ഏതാനും ദിവസങ്ങൾ കഴിഞ്ഞ് അനനിയാസും സഫീറയും തങ്ങളുടെ പറമ്പുവിറ്റു.
ഞാൻ ഈ മൂവായിരം ഷെക്കൽ പത്രോസിന്റെ കയ്യിൽ കൊടുക്കും. നമ്മൾ നീക്കിവച്ചിരിക്കുന്ന ആയിരം ഷെക്കലിന്റെ കാര്യം ആരോടും പറയരുത്.
ഈ കൂട്ടായ്മ എത്രനാൾ നിലനില്ക്കുമെന്നാർക്കറിയാം! അല്പം സൂക്ഷിച്ചുവയ്ക്കുന്നതാണു ബുദ്ധി.
ഇതാ ഞങ്ങളുടെ പറമ്പുവിറ്റു കിട്ടിയ തുക മുഴുവൻ. മൂവായിരം ഷെക്കൽ ഞങ്ങൾ കൂട്ടായ്മയിലേക്കു സംഭാവന ചെയ്യുന്നു.
അനനിയാസ്, പറമ്പു വില്ക്കാൻ ഞങ്ങളാരെങ്കിലും നിന്നെ നിർബന്ധിച്ചോ?
ഇല്ല. ഞങ്ങൾ സ്വമനസ്സാലെ ചെയ്തതാണ്.
വിറ്റു കഴിഞ്ഞും പണം നിന്റേതായിരുന്നില്ലേ?
സ്വന്തമായി ഞങ്ങൾക്കൊന്നും വേണ്ടാ.
എന്തിനീ വഞ്ചന കാട്ടി? നീ നുണ പറഞ്ഞത് മനുഷ്യനോടല്ല. പരിശുദ്ധാത്മാവിനോടാണ്.


തൽക്ഷണം അനനിയാസ് അവിടെ വീണുമരിച്ചു. അവർ അവനെ മറവു ചെയ്തു. അല്പം കഴിഞ്ഞ് അവന്റെ ഭാര്യ വന്നു.
നിങ്ങൾ പറമ്പു വിറ്റത് എന്തു വിലയ്ക്കാണ്?
മൂവായിരം ഷെക്കലിന്.
കർത്താവിന്റെ ആത്മാവിനെ പരീക്ഷിക്കാൻ നിങ്ങൾ ഒത്തുചേർന്നതെന്തിന്? ഇതാ നിന്റെ ഭർത്താവിനെ സംസ്ക്കരിച്ചവർ വാതില്ക്കലെത്തിയിരിക്കുന്നു.
സഫീറയും മരിച്ചുവീണു.
യേശുവിന്റെ അനുയായികൾ കള്ളം പറയരുത്. ആരെയും വഞ്ചിക്കരുത്.



മാസങ്ങൾ കടന്നുപോയി. യേശുവിന്റെ അനുയായികൾ വർദ്ധിച്ചുകൊണ്ടേ
യിരുന്നു. അസൂയപൂണ്ട യഹൂദനേതാക്കന്മാർ അപ്പസ്തോലന്മാരെ പിടിച്ചു
കാരാഗൃഹത്തിലടച്ചു. അന്നു രാത്രി അവർ പ്രാർത്ഥിച്ചുകൊണ്ടിരിക്കേ.
അങ്ങേയ്ക്കു സാക്ഷ്യം വഹിക്കാനായി കാരാഗൃഹത്തിൽ കിടക്കാൻ ഞങ്ങളെ അനുവദിക്കുന്ന കർത്താവായ യേശുവേ.
കർത്താവായ യേശുവേ അങ്ങേയ്ക്കു സ്തോത്രം.
ഇതാ നിങ്ങൾക്കായി വാതിലുകൾ തുറന്നുകിടക്കുന്നു. പുറത്തു വരുവിൻ...
!!!


പിറ്റേന്ന് പ്രഭാതത്തിൽ സാൻഹെദ്രിൻ സമ്മേളിച്ചു.
ആ നസ്രായന്റെ ആളുകൾ നമ്മുടെ നിലനില്പിനുതന്നെ ഒരു ഭീഷണി ആയിരിക്കുന്നു. അവരുടെ എണ്ണവും ശക്തിയും അനുദിനം വർദ്ധിക്കുന്നു.
പരിശുദ്ധ സാൻഹെദ്രിനിലെ ചില പ്രധാന അംഗങ്ങൾ പോലും ഇപ്പോൾ അവരോടു ചേർന്നിരിക്കുന്നു.
അപ്പസ്തോലന്മാർ എന്നു പറയുന്ന ആ നേതാക്കന്മാരെ കല്ലെറിഞ്ഞു കൊല്ലണം. അപ്പോൾ ഈ പ്രസ്ഥാനവും അവസാനിക്കും.


അവരെയെല്ലാം പിടിച്ചു തടവിലാക്കിയിട്ടുണ്ട്. വിചാരണ ചെയ്യാൻ വേണ്ടിയാണീ സമ്മേളനം.
ആ ഗലീലിയരോട് ഇടപെടുന്നതു സൂക്ഷിച്ചുവേണം.
റബ്ബി ഗമാലിയേൽ, അങ്ങെന്താണു സൂചിപ്പിക്കുന്നത്?
കുറച്ചുനാൾ മുമ്പ് ഗലീലിക്കാരനായ യൂദാസ് കുറെ അനുയായികളെ ശേഖരിച്ച് വിപ്ലവത്തിനൊരുങ്ങിയത് നമുക്കെല്ലാം അറിയാമല്ലോ.
യൂദാസ് കൊല്ലപ്പെട്ടു. അനുയായികളും ചിതറി. ഇതുപോലെ ദൈവത്തിൽനിന്നുള്ളതല്ല ഈ പ്രസ്ഥാനമെങ്കിൽ അതു താനേ നശിച്ചുകൊള്ളും.
എന്നാൽ ഇതു ദൈവത്തിൽനിന്നാണെങ്കിൽ ഇവർക്കെതിരേ ഒന്നും ചെയ്യാൻ നമുക്കു സാധിക്കുകയില്ല. നമ്മൾ ദൈവത്തെ എതിർക്കുന്നവരായി തീരുകയും ചെയ്യും.
സേവകൻ, അവരെ ഹാജരാക്കൂ!


അവരെ കാണുന്നില്ല. തടവറ പൂട്ടി ത്തന്നെ കിടക്കുന്നു. കാവൽക്കാർ ജാഗ്രതയോടെ കാവൽ നില്ക്കുന്നു.
പിന്നെ അവർ എങ്ങനെ അപ്രത്യക്ഷരായി?
?!!


അപ്പോൾ മറ്റൊരു സേവകൻ
അതാ, അവർ ദേവാലയത്തിൽ നിന്നു പ്രസംഗിക്കുന്നു.
അവരെ പിടിച്ചുകൊണ്ടു വരുവിൻ.


ഈ നാമത്തിൽ പഠിപ്പിക്കരുതെന്ന് ഞങ്ങൾ കർശനമായി കല്പിച്ചിരുന്നില്ലേ? എന്നിട്ടും നിങ്ങ ളുടെ പ്രബോധനം കൊണ്ട് ജറുസെലം നിറച്ചിരിക്കു ന്നു. അവന്റെ മരണത്തിനു ഞങ്ങളെ ഉത്തരവാദി കളാക്കാൻ നിങ്ങൾ ശ്രമിക്കുകയും ചെയ്യുന്നു.


മനുഷ്യരെക്കാൾ ദൈവത്തെയാണ് അനുസരിക്കേണ്ടത്. നിങ്ങൾ കൊന്നവനെ ദൈവം ഉയിർപ്പിച്ചു.
ജനത്തിന് അനുതാപവും മോചനവും നല്കാൻ ദൈവം അവനെ ഉയർത്തി. ഇതിനു ഞങ്ങൾ സാക്ഷികളാണ്. പരിശുദ്ധാത്മാവും സാക്ഷ്യം വഹിക്കുന്നു.
പരിശുദ്ധ സാൻഹെദ്രിന്റെ കല്പന ലംഘിച്ചതിന് എല്ലാവർക്കും നാല്പതു ചാട്ടയടി വീതം ശിക്ഷ. ഇവരെ കൊണ്ടുപോകൂ.
കർത്താവു നമുക്കു നല്കിയ വാഗ്ദാനം നിറവേറി തുടങ്ങിയിരിക്കുന്നു.
!
നമുക്കുവേണ്ടി കുരിശിൽ മരിച്ചവന്റെ വേദനയിൽ പങ്കുചേരാൻ കഴിയുന്നതിൽ നമുക്കു സന്തോഷിക്കാം.



അപ്പസ്തോലന്മാർ കൂടുതൽ തീക്ഷ്ണതയോടെ തങ്ങളുടെ സാക്ഷ്യം തുടർന്നു. ഏകദേശം അഞ്ചു വർഷങ്ങൾ കഴിഞ്ഞു. യഹൂദരും യഹൂദമതം സ്വീകരിച്ച ഗ്രീക്കുകാരും ശിഷ്യസമൂഹത്തിൽ ചേർന്നുകൊണ്ടിരുന്നു. ഒരു ദിവസം.
യേശുവിൽ വിശ്വസിച്ചു മാമ്മോദീസാ സ്വീകരിച്ച നമ്മളെല്ലാവരും സഹോദരങ്ങളല്ലേ? ഇവിടെ ഹെബ്രായനും ഗ്രീക്കുകാരെന്നും വ്യത്യാസമുണ്ടാവാൻ പാടില്ലല്ലോ?
ശരിയാണ്. ഇതിപ്പോൾ പറയാൻ കാരണം?
എന്നിട്ടെന്തേ ഞങ്ങൾ ഗ്രീക്കുകാരാണെന്നു പറഞ്ഞ് അവഗണിക്കപ്പെടുന്നു?
എന്താണു സംഭവിച്ചതെന്നു പറയൂ.
വിധവകൾക്കും അനാഥർക്കും സൗജന്യമായി നല്കുന്ന ഭക്ഷണവും വസ്ത്രവും പോലും ഗ്രീക്കുകാർക്ക് നിഷേധിക്കപ്പെട്ടിരിക്കുന്നു.
ഇവരുടെ സ്ത്രീകളെല്ലാം വിധവകളും കുട്ടികളെല്ലാം അനാഥരുമാണെന്നാ ഭാവം. പൊതുമുതൽ അങ്ങനെ വെറുതെ കൊടുക്കാനാവുമോ.
!


ഭക്ഷണമേശയിലെ തർക്കം നമ്മുടെ കൂട്ടായ്മയ്ക്കു കോട്ടം വരുത്താൻ ഇടയാക്കരുത്.
എന്നാൽ നിങ്ങൾതന്നെ ഓരോരുത്തർക്കും ആവശ്യമായതു ന്യായമായി വിതരണം ചെയ്യണം.
ഞങ്ങൾ ദൈവവചന ശുശ്രൂഷ ഉപേക്ഷിച്ച് ഭക്ഷണമേശയിൽ വിളമ്പാൻ നില്ക്കുന്നതു ശരിയല്ല.
സമ്പത്തിന്റെമേൽ നോട്ടവും വിതരണവും ഒക്കെ ആത്മാവിന്റെ ചൈതന്യവും ജനസമ്മതിയുമുള്ള ഏഴു പേരെ ഏല്പിക്കാം.
ഈ നിർദ്ദേശം എല്ലാവർക്കും സ്വീകാര്യമായി. അവർ സ്തേഫനോസ്, പീലിപ്പോസ്, പ്രോക്കോദോസ്, നിക്കാനോർ, തീമോൻ, പർമേനോസ്, നിക്കൊലാവൂസ് എന്ന ഏഴുപേരെ തിരഞ്ഞെടുത്തു.
കർത്താവായ യേശുവേ, വിശ്വാസികളുടെ സമൂഹത്തിനു ശുശ്രൂഷ ചെയ്യാനായി പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ഇവരുടെ മേൽ അങ്ങയുടെ ആത്മാവിനെ സമൃദ്ധമായി വർഷിക്കണമേ....




## സാക്ഷ്യം രക്തത്തിലൂടെ

# രക്തസ്നാനം



# രക്തസ്നാനം


**Mar Louis Publications**
Broadway, Ernakulam, Kochi - 682 031
Ph:0484-2352110
website:www.marlouiskochi.com
e-mail:marlouiskochi@gmail.com